2. രേഖാമൂലം നൽകിയ ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പാചകവാതക ഉപഭോക്താക്കളെ സബ്സിഡി പരിധിയിൽ നിലനിർത്തുന്നതിന് നടപടി

5 (*94) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക സബ്സിഡി ലഭിക്കുന്നത് ബാങ്ക് അക്കൗണ്ട് മുഖേനയാക്കി കേന്ദ്രസർക്കാർ ഉത്തരവിറക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സബ്സിഡി സിലിണ്ടർ ലഭിക്കുന്ന മുഴുവൻ ഉപഭോക്താക്കളും ആധാർ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോ ; എത്ര ശതമാനം ഉപഭോക്താക്കൾക്കാണ് ആധാർ ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പുതിയ ഉത്തരവിന്റെ വെളിച്ചത്തിൽ ആധാർ രജിസ്ട്രേഷനോ ബാങ്ക് അക്കൗണ്ടോ ഇല്ലാത്ത ഉപഭോക്താക്കൾ സബ്സിഡി ലഭിക്കാതിരിക്കുന്ന സാഹചര്യമുണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മേൽ സാഹചര്യത്തിൽ ആധാറും ബാങ്ക് അക്കൗണ്ടും ഇല്ലാത്ത ഇപ്പോൾ സബ്സിഡി ലഭിച്ചുകൊണ്ടിരിക്കുന്ന സാധാരണക്കാരായ ഉപഭോക്താക്കളെ സബ്സിഡി പരിധിയിൽ നിലനിർത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് സർക്കാർ തയ്യാറാകുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) ഉണ്ട്.

(ബി) ഇല്ല ; കേരളത്തിൽ ഏകദേശം 57.39 ലക്ഷം ഉപഭോക്താക്കൾ (മൊത്തം ഉപഭോക്താക്കളുടെ (76.20 %) ആധാർ എൽ.പി.ജി. വിതരണ ഏജൻസികളുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ആധാർ രജിസ്ട്രേഷനോ ബാങ്ക് അക്കൗണ്ടോ ഇല്ലാത്തതും ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ സ്കീമിൽ ഇതുവരെയും അംഗമാകാത്തതുമായ ഉപഭോക്താക്കൾക്ക് മൂന്ന് മാസത്തെ അധിക സമയം നൽകിയിട്ടുണ്ട്. ഈ കാലയളവിൽ ഇവർക്ക് സബ്സിഡി സിലിണ്ടർ ലഭ്യമാകുന്നതാണ്. ഈ അധികസമയത്തിനുള്ളിൽ പദ്ധതിയിൽ ചേരാത്ത ഉപഭോക്താക്കൾക്ക് മൂന്ന് മാസംകൂടി പാർക്കിംഗ് കാലയളവ് നൽകിയിട്ടുണ്ട്. ഈ കാലയളവിൽ വിപണി നിരക്കിൽ സിലിണ്ടർ ലഭ്യമാക്കുന്നതും പ്രസ്തുത മൂന്ന് മാസക്കാലയളവിനുള്ളിൽ ഉപഭോക്താക്കൾ പദ്ധതിയുടെ ഭാഗമാകുന്ന മുറയ്ക്ക് യോഗ്യതയ്ക്കനുസരിച്ച് സബ്സിഡി ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതുമാണ്. കേന്ദ്ര സർക്കാരിൽ ആവശ്യമായ സമ്മർദ്ദം സംസ്ഥാനം ചെലുത്തും.

റേഷൻ സബ്സിഡി ബാങ്ക് വഴി നൽകുന്നത് സംബന്ധിച്ച കേന്ദ്ര തീരുമാനം

6 (*95) ശ്രീ. സാജു പോൾ :

ശ്രീ. എസ്. ശർമ്മ :

ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സബ്സിഡി ബാങ്ക് വഴിയാക്കുന്നത് സംബന്ധിച്ച കേന്ദ്ര തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുമായി ആശയ വിനിമയം നടത്തിയിരുന്നോ ;

(ബി) ഇത് സംബന്ധിച്ച സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ ;

(സി) സബ്സിഡി ബാങ്ക് വഴിയാക്കുകമൂലം സംസ്ഥാനത്ത് റേഷൻ ഉപഭോക്താക്കളിൽ സാധാരണക്കാരായ നല്ലൊരു വിഭാഗം റേഷൻ സംവിധാനത്തിന് പുറത്താകാൻ സാദ്ധ്യതയുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) റേഷൻ പൂർണ്ണമായും ബി.പി.എൽ.-കാർക്ക് മാത്രമാക്കാൻ കേന്ദ്ര സർക്കാർ നീക്കം നടത്തുന്നുണ്ടോ ;

(ഇ) സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നിലവിലുള്ള സംസ്ഥാനത്ത് പ്രസ്തുത പരിഷ്കാരം എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly